# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2393 — 08.03.2017 - ലെ മറുപടിക്ക്

**ചോദ്യം** — **ഉത്തരം**

ശ്രീ. ഷാഫി പറമ്പിൽ

ഡോ. ടി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

## കടപ്പത്രങ്ങൾ വഴി വായ്പ

| | | |
|---|---|---|
| (എ) | ഈ സർക്കാർ വന്ന ശേഷം കടപ്പത്രങ്ങൾ വഴിയും മറ്റും വായ്പയെടുത്തതിൽ മൂലധന ചെലവിനായി മുടക്കിയത് എത്രയാണ്; ആകെ കടം വാങ്ങിയതിന്റെ എത്ര ശതമാനം വരും ഇത് എന്ന് അറിയിക്കാമോ; | 31.12.2016 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ മൂലധന ചെലവ് 4535.63 കോടി രൂപയാണ്. ഇതേ കാലയളവിൽ കടപ്പത്രങ്ങൾ മുഖേന സമാഹരിച്ചതടക്കം 16136.92 കോടി രൂപ സംസ്ഥാനം വായ്പയായി എടുത്തിട്ടുണ്ട്. മൂലധന ചെലവ് വായ്പയുടെ 28.11 ശതമാനം വരും. |
| (ബി) | സർക്കാരിന്റെ ദൈനംദിന ചെലവിന് വയ്പ എടുത്ത തുക വിനിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കടമെടുത്ത തുകയുടെ എത്ര ശതമാനം ഇക്കാര്യത്തിനായി വിനിയോഗിച്ചുവെന്ന് വെളിപ്പെടുത്തുമോ? | വായ്പയെടുക്കുന്ന തുകയിൽ ഒരു ഭാഗം സർക്കാരിന്റെ ദൈനംദിന ചെലവിന് വിനിയോഗിക്കാറുണ്ട്. വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിതനിധിയിൽ മറ്റു വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്രവീതം വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ